# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 827 05.02.2020-ൽ മറുപടിക്ക്

## ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ട്

**ചോദ്യം**

ഡോ.എം. കെ. മുനീർ

**മറുപടി**

ശ്രീ. എ.കെ.ബാലൻ
(ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചലച്ചിത്ര വ്യവസായ രംഗത്തെ സ്ത്രീകളുമായും അവരുടെ തൊഴിൽ സാഹചര്യങ്ങളുമായും ബന്ധപ്പെട്ട വിഷയങ്ങൾ പഠിച്ച് നിർദ്ദേശം സമർപ്പിക്കുവാൻ നിയോഗിച്ച ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | (എ) | ജസ്റ്റിസ് ഹേമ കമ്മിറ്റി 31.12.2019 ന് സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു. റിപ്പോർട്ടിന്റെ പകർപ്പ് എത്രയും വേഗം ലഭ്യമാക്കുന്നതാണ്. |
| (സി) | ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

## ജസ്റ്റിസ് കെ.ഹേമ സമിതി റിപ്പോർട്ട് - ശുപാർശകൾ സംക്ഷിപ്തം

### 1. സമിതി അദ്ധ്യക്ഷയായ ജസ്റ്റിസ് കെ.ഹേമ സമിതി നൽകിയ നിർദ്ദേശങ്ങൾ

- കേരള സിനി എക്സിബിറ്റേഴ്സ് ആന്റ് എംപ്ലോയിസ് (റഗുലേഷൻ )ആക്ട്- 2020 എന്ന ചട്ടം നടപ്പിലാക്കുകയും നിയമപ്രകാരം ഒരു ട്രൈബ്യൂണൽ രൂപീകരിക്കുകയും ചെയ്യുക.

- സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾക്കെതിരെയും ഏതെങ്കിലും ഒരു വ്യക്തി ചെയ്യുന്ന കുറ്റകരമായ പ്രവർത്തി നിരോധിക്കുന്നതിനും പെനാൽറ്റി ഏർപ്പെടുത്തുന്നതിനുമുള്ള വ്യവസ്ഥകൾ രൂപീകരിക്കുക.

### 2. സമിതി അംഗമായ ശ്രീമതി.റ്റി.ശാരദ നൽകിയ നിർദ്ദേശങ്ങൾ

- ഇ-ടോയിലറ്റുകൾ
- സുരക്ഷിതമായ dress changing മുറികൾ
- ലൈംഗിക അതിക്രമങ്ങൾ തടയുക
- സ്ത്രീ-പുരുഷ ഭേദമന്യേ തുല്യ വേതനം ഏർപ്പെടുത്തുക
- സൈബർ ആക്രമണങ്ങൾക്കെതിരെ സർക്കാർ കർശന നടപടികൾ എടുക്കുക
- സിനിമാ വ്യവസായത്തിൽ ഇന്റേൺൽ കംപ്ലൈന്റ് കമ്മിറ്റി രൂപീകരിക്കുക
- ടെക്നിക്കൽ പഠനങ്ങളിൽ വനിതകൾക്ക് പ്രാതിനിധ്യം നൽകുക.
- പ്രസവം, ശിശുസംരക്ഷണം, ശാരീരിക വൈകല്യം എന്നിവയ്ക്ക് അവധി
- സിനിമയുടെ ഉള്ളടക്കത്തിൽ ലിംഗനീതി പ്രോത്സാഹിപ്പിക്കുക
- സിനിമാ ആർട്ടിസ്റ്റുകൾക്കുള്ള ക്ഷേമനിധി.

### 3. സമിതി അംഗമായ ശ്രീമതി.കെ.ബി വൽസലകുമാരി നൽകിയ നിർദ്ദേശങ്ങൾ

- രേഖാമൂലമുള്ള കരാറിന്റെ ആവശ്യകത
- ലിംഗഭേദത്തിൽ അടിസ്ഥാന ഓൺലൈൻ പരിശീലനം
- ജോലിസ്ഥലത്ത് മദ്യവും മയക്കുമരുന്നും ഉപയോഗിക്കരുത്
- സ്ത്രീ-പുരുഷ ഭേദമന്യേ തുല്യ വേതനം ഏർപ്പെടുത്തുക
- ജൂനിയർ ആർട്ടിസ്റ്റുകൾക്ക് മിനിമം വേതനം.
- പരാതികൾ പരിഹരിക്കുന്നതിനുള്ള ഫലപ്രദമായ മാർഗ്ഗം
- താമസത്തിലും ഗതാഗതത്തിലും സ്ത്രീകളുടെ സുരക്ഷയും സുരക്ഷയും
- സമഗ്രമായ സിനിമാ നയം
- സിനിമകളെ പ്രോത്സാഹിപ്പിക്കുന്നതിന് ബജറ്റ് വിഹിതം.
- എല്ലാ താലൂക്കുകളിലും രണ്ടോ അതിലധികമോ തീയറ്ററുകൾ